# അക്കാദമിക സ്കൂള് മാസ്റ്റർ പ്ലാന്

# 2025-26




**ജി.എൽ.പി.എസ്. മിത്രക്കരി വെസ്റ്റ്**

**തലവടി ഉപജില്ല**

**ആലപ്പുഴ**

# ഉള്ളടക്കം


- സ്കൂൾ വിവരങ്ങള്
- ആമുഖം
- സ്കൂൾ ചരിത്രം
- സ്കൂൾ ഇന്ന്
- പ്രീ പ്രൈമറി വിഭാഗം
- അക്കാദമിക, ഭൌതിക, സാമൂഹിക നേട്ടങ്ങൾ
- അക്കാദമിക, ഭൌതിക, സാമൂഹിക പരിമിതികൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങള്
- പ്രവർത്തനം - വിശദാംശങ്ങള്
- ഉപസംഹാരം

# സ്കൂൾ വിവരങ്ങള്

- റവന്യൂ ജില്ല - ആലപ്പുഴ
- സ്കൂൾ കോഡ് - 46307
- സ്കൂൾ പേര് - ജി.എൽ.പി.എസ്. മിത്രക്കരി വെസ്റ്റ്
- മേൽവിലാസം - മിത്രക്കരി പി.ഒ, ആലപ്പുഴ
- പിൻകോഡ് - 689595
- ഫോൺ നമ്പര് - 9447454889
- ഇ-മെയിൽ - govtlpswest001@gmail.com
- ഗ്രാമപഞ്ചായത്ത് - മുട്ടാര്
- വിദ്യാഭ്യാസ ജില്ല - കുട്ടനാട്
- സബ്ജില്ല - തലവടി
- ക്ലാസ്സുകൾ - പ്രീ പ്രൈമറി മുതല് 4 വരെ
- മാനേജ്മെന്റ് - ഗവൺമെന്റ്

# ആമുഖം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ തലവടി ഉപജില്ലയിൽ ഉൾപ്പെടുന്ന മുട്ടാർ ഗ്രാമപഞ്ചായത്തിലാണ് ജി.എൽ. പി.എസ് മിത്രക്കരി വെസ്റ്റ് സ്ഥിതി ചെയ്യുന്നത്. പാഠ്യ പാഠ്യേതര വിഷയങ്ങളിൽ എന്നും മികവുപുലർത്തുന്ന സ്കൂളും, തലവടി സബ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ പ്രൈമറി സ്കൂളുമാണിത്. വിവിധ സ്കോളർഷിപ്പുകൾക്കും മത്സരപരീക്ഷകൾക്കും സ്കൂൾ പരിശീലനം നൽകിവരുന്നു. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ അക്കാദമിക രംഗത്തും കലാകായിക രംഗത്തും കൂടാതെ കുട്ടികളുടെ മാനസിക ആരോഗ്യകരമായ വളർച്ചയ്ക്കും സ്വഭാവ രൂപീകരണത്തിനും ഒരേപോലെ മികവ് വർദ്ധിപ്പിക്കുവാൻ സഹായകമാവും വിധത്തിൽ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ മുട്ടാർ ഗ്രാമപഞ്ചായത്ത്, നാട്ടുകാർ, ജനപ്രതിനിധികൾ, എസ്.എസ്.കെ എന്നിവയുടെ പൂർണ്ണ സഹായസഹകരണത്തോടും ഉറപ്പാക്കി വരുന്നു. ഇതിൻറെ ഭാഗമായി സ്കൂൾ ഗ്രൗണ്ടിൽ വളരെ മനോഹരമായ പാർക്കോടു കൂടിയ വർണ്ണകൂടാരം പദ്ധതി നടപ്പാക്കി. ഇനിയും നമ്മുടെ സ്കൂളിന് മുന്നേറാനും കൂടുതൽ മികച്ച പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ആയാണ് ഈ അക്കാദമിക മാസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ഈ പ്ലാൻ നടപ്പിലാക്കുന്നതിലൂടെ കുട്ടികൾക്കും സ്കൂളിനും മികച്ച മുന്നേറ്റം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# സ്കൂൾ ചരിത്രം

1915-ൽ സ്ഥാപിതമായ ഗവണ്മെന്റ് എൽ.പി.എസ് മിത്രക്കരി സ്കൂൾ കലയങ്കരി സ്കൂൾ എന്നപേരിലും അറിയപ്പെടുന്നു . ജന്മി കുടിയാൻ സമ്പ്രദായവും പാട്ടക്ക്യഷിയും അരങ്ങുവാണിരുന്ന അക്കാലത്തു വിദ്യാഭ്യാസമെന്നത് സമ്പന്നരുടെ മാത്രം കുത്തകയായിരുന്നു . ഈ കാലഘട്ടത്തിൽ ഗവണ്മെന്റ് എൽ.പി സ്കൂൾ മിത്രക്കരി വെസ്റ്റിന്റെ വരവോടെ സാക്ഷരതയിലും വിദ്യാഭ്യാസ പുരോഗതിയിലും ഗ്രാമത്തിൽ വിപ്ലവകരമായ മാറ്റം ഉണ്ടായി. ഊരുക്കരി മാന്തുരുത്തിൽ കുടുംബാംഗങ്ങൾ സന്മനസോടെ നൽകിയ 50 സെൻറ് പുരയിടത്തിൽ കലയങ്കരി എന്നറിയപ്പെടുന്ന സ്ഥലത്തു സ്ഥാപിച്ച ഓല കെട്ടിടത്തിലാണ് സ്കൂളിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടന്നത്. ഒരു മഴക്കാലത്ത് വീശിയടിച്ച ചുഴലിക്കാറ്റിൽ ഓലമേഞ്ഞ സ്കൂൾ കെട്ടിടം നിലം പൊത്തി . സ്കൂളിലെ പല വിലപ്പെട്ട രേഖകളും ഇതേതുടർന്ന് നഷ്ടപ്പെടുകയും ചെയ്തു. പിന്നീട് പണികഴിപ്പിച്ച കെട്ടിടങ്ങളാണ് ഇപ്പോൾ നിലവിൽ ഉള്ളവ. കുട്ടനാട്ടിലെ വെള്ളപ്പൊക്ക സമയങ്ങളിൽ ദുരിതാശ്വാസ ക്യാമ്പായി സ്കൂൾ പ്രവർത്തിക്കുന്നു. തുടക്കത്തിൽ ഉണ്ടായിരുന്ന അഞ്ചാം ക്ലാസ്സ് പിന്നീട് ഇല്ലാതായി. അങ്ങനെ സ്കൂളിൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികളായി.

# സ്കൂൾ ഇന്ന്

പ്രഥമ അധ്യാപികയും, മൂന്ന് അധ്യാപകരും, ഒരു പ്രീ പ്രൈമറി അധ്യാപികയും മൂന്ന് അനധ്യാപകരും അടങ്ങുന്നതാണ് സ്റ്റാഫ്. സ്കൂൾ കവാടം കടന്നുവരുമ്പോൾ തന്നെ വിശാലമായ സ്കൂൾ ഗ്രൗണ്ടിനോട് ചേർന്ന് കുട്ടികൾക്കായി പാർക്കുണ്ട്. മൂന്നു ക്ലാസ് മുറിവുകളും ഒരു ഓഫീസ്, ഒരു ഹാൾ, കഞ്ഞിപ്പുര, സ്റ്റോറും ആറു ശുചിമുറികൾ എന്നിവയായി സ്കൂൾ പുരോഗമിച്ചിരിക്കുന്നു. കുട്ടികൾക്ക് മഴ നനയാതെ കൈ കഴുകാനും, വേസ്റ്റുകൾ നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾ, അടുക്കള മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കാൻ വേണ്ട മാലിന്യ ടാങ്കുകൾ ഇവയെല്ലാം സജ്ജമാക്കി. കൂടാതെ ഹരിതോദ്യാനവും അടുക്കളത്തോട്ടവും ഉണ്ട്.

മികവാർന്ന പ്രവർത്തനത്തിന് മാതൃഭൂമിയുടെ ഹരിത ജ്യോതി പ്രശസ്തി പത്രത്തിന് അർഹമായി. കൂടാതെ സ്മാർട്ട് ക്ലാസ് റൂമുകൾ, ശിശു സൗഹൃദ ക്ലാസ് മുറികൾ എന്നിവ എടുത്തു പറയേണ്ടവയാണ്. പാഠ്യേതര രംഗത്തും ഏറെ മികവ് പുലർത്തുന്ന ഈ സ്കൂൾ പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമി ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

# പ്രീ പ്രൈമറി വിഭാഗം

ഒരു അധ്യാപികയും ഒരു ആയയും ചേർന്ന് പ്രീപ്രൈമറിയിലെ കാര്യങ്ങൾ വളരെ മികച്ച രീതിയിൽ നടപ്പാക്കുന്നു. എല്ലാവർഷവും കുറഞ്ഞത് 10 കുട്ടികൾ എങ്കിലും പുതിയതായി വന്നുചേരുന്നു. പ്രവർത്തനാധിഷ്ഠിത പഠനത്തിനും കളികളിലൂടെയുള്ള പഠനത്തിനും കൂടുതൽ പ്രാധാന്യം നൽകി കുട്ടികൾക്ക് അനായാസകരമായ പഠനം അനുഭവങ്ങൾ നൽകിവരുന്നു.

# അക്കാദമിക , ഭൗതിക, സാമൂഹിക നേട്ടങ്ങൾ

സ്കൂളിൽ നിലവിൽ 2 സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഉണ്ട്. മൂന്ന് ലാപ്ടോപ്പുകളും, മൂന്ന് കമ്പ്യൂട്ടർ, 2 പ്രൊജക്ടർ എന്നിവയുമുണ്ട്. സ്കൂളിൽ രക്ഷിതാക്കളെ ഉൾക്കൊള്ളിച്ച് വിവിധ ശില്പശാലകൾ സംഘടിപ്പിച്ച് പഠന സാമഗ്രികൾ തയ്യാറാക്കി വരുന്നു. വർണ്ണകൂടാരം പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാളം പഠന ഉപകരണങ്ങൾ, കളി സാമഗ്രികൾ എന്നിവയും സ്കൂളിൽ ലഭ്യമായിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹരിതസഭയിൽ പ്രോജക്ട് അവതരിപ്പിക്കാൻ സ്കൂളിലെ കുട്ടികൾക്ക് അവസരം ലഭിച്ചു. പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ കുട്ടികൾ സമൂഹത്തിലേക്ക് ഇറങ്ങി നിന്ന് ചെയ്ത പ്രവർത്തനങ്ങൾ ഇവയെല്ലാം പരിഗണിച്ച് മാതൃഭൂമി സീഡിന്റെ ഹരിത ജ്യോതി പ്രശസ്തിപത്രം ഈ വർഷം സ്കൂളിന് ലഭിക്കുകയുണ്ടായി. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യ സംസ്കരണ ടാങ്കുകൾ, സീലിംഗ് വർക്കുകൾ എന്നിവ നടത്തിവരുന്നു.

# അക്കാദമിക , ഭൗതിക, സാമൂഹിക പരിമിതികൾ

എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്റൂമുകൾ അല്ല. യു.കെ.ജി, ഒന്നാം ക്ലാസ്, രണ്ടാം ക്ലാസ് എന്നീ ക്ലാസ്സുകൾ സ്കൂൾ ഹാളിൽ ആണ് ക്രമീകരിച്ചിരിക്കുന്നത്. പൊതുവായ മീറ്റിങ്ങുകൾ സംഘടിപ്പിക്കുമ്പോൾ ക്ലാസുകൾ താൽക്കാലികമായി നിർത്തേണ്ട അവസ്ഥ വരുന്നു. ഇത് പരിഹരിക്കുന്നതിലേക്ക് കൂടുതൽ ക്ലാസ്മുറികളും ഒരു ലൈബ്രറിയും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ബുക്കുകൾ പ്രദർശിപ്പിക്കും വിധം ഒരു ഷെൽഫ് ആവശ്യമാണ്. കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാൻ ഉള്ള ഭോജനശാല നിലവിലില്ല. ഇതിലേക്ക് ആവശ്യമായ ഫർണിച്ചർ എങ്കിലും ലഭ്യമാക്കേണ്ടതുണ്ട്. നിലവിലെ ശൗചാലയം മെച്ചപ്പെടുത്തേണ്ടതായുണ്ട്. വയ്യാതെ വരുന്ന കുട്ടികൾക്ക് പരിപാലനം നൽകുവാൻ വേണ്ട യാതൊരുവിധ സൗകര്യങ്ങളും ലഭ്യമായിട്ടില്ല (വിശ്രമം മുറിയും ഫർണിച്ചറും). സർക്കാർ ഫണ്ട് ഉപയോഗിച്ച് 2023 -24 അധ്യയന വർഷത്തിൽ സെൽഫ് ഡിഫൻസ് ക്ലാസുകൾ പെൺ കുട്ടികൾക്കായി നൽകിയിരുന്നു. ഇത് തുടർ വർഷങ്ങളിലും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. കൂടാതെ കുടിവെള്ള സൗകര്യം ആണ് പ്രധാനമായും ലഭ്യമാക്കേണ്ടത്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവര്‍ത്തനങ്ങള്‍

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് ഭാഷാപഠനം
- സര്‍ഗ്ഗവേളകള്‍
- ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള്‍
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തല്‍
- ക്ലബ്ബ് പ്രവര്‍ത്തനങ്ങള്‍
- ക്ലാസ്സ് പി.റ്റി.എ ശക്തിപ്പെടുത്തൽ
- ലൈബ്രറി ശാക്തീകരണം, വായനാശേഷി വര്‍ദ്ധിപ്പിക്കല്‍
- ജന്മദിനത്തിൽ പച്ചക്കറി കിറ്റ്
- കലക്കൂട്ട് - ഈ അദ്ധ്യായന വര്‍ഷത്തെ തീം.

# പ്രവര്‍ത്തനം - വിശദാംശങ്ങള്‍

| പ്രവര്‍ത്തനം 1 - പ്രവേശനോത്സവം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവര്‍ത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും സൌജന്യ പഠനോപകരണങ്ങൾ നൽകി സ്വീകരിക്കൽ | SMC, അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ ഫണ്ട് രൂപീകരിച്ച് പ്രവേശനോത്സവ ദിനത്തില് പഠനോപകരണങ്ങൾ നൽകുന്നു. | ജൂൺ 2 | SMC, അദ്ധ്യാപകർ | |
| ഹരിത ചട്ട പ്രകാരം പ്രവേശനോത്സവം നടത്തുക | പ്ലാസ്റ്റിക് ഒഴിവാക്കി ഹരിതചട്ട പ്രകാരം പ്രവേശനോത്സവം നടത്തുന്നു | ജൂൺ 2 | SMC, അദ്ധ്യാപകർ, രക്ഷിതാക്കൾ | |
| വിവിധ കലാ രൂപങ്ങൾ പരിചയപ്പെടൽ | പ്രവേശനോത്സവത്തിൽ കുട്ടികള് വിവിധ കലാ രൂപങ്ങളുടെ വേഷവിധാനത്തിലെത്തുന്നു. | ജൂൺ 2 | SMC, അദ്ധ്യാപകർ, രക്ഷിതാക്കൾ | |
| **പ്രവര്‍ത്തനം 2 - ഭാഷാശേഷി വികസനം** | | | | |
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, പദം, വാക്യ നിർമ്മാണം, ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | 1 വർഷക്കാലം | ക്ലാസ് ടീച്ചര്, SRG | |
| എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ, ക്ലാസ്സ് നിലവാരത്തിന് അനുസരിച്ച് പുസ്തകം ലഭ്യമാക്കൽ, വായനാമൂല സജീവമാക്കൽ, പത്രവായന | 1 വർഷക്കാലം | വിദ്യാരംഗം ചാർജ്ജ് ടീച്ചര്, SRG, ക്ലാസ് ടീച്ചര് | |
| പുസ്തക വായനയ്ക്ക് പ്രാധാന്യം | ഒരു കുട്ടിക്ക് ഒരു ലൈബ്രറി എന്ന ആശയം മുന്നോട്ട് | 1 വർഷക്കാലം | വിദ്യാരംഗം ചാർജ്ജ് | |

| | | | | |
|---|---|---|---|---|
| നൽകല് | വച്ച് കുട്ടികൾക്ക് നിലവാരത്തിന് അനുസരിച്ചുള്ള പുസ്തകങ്ങൾ നൽകുകയും, വീടുകളിൽ ഒരു ലൈബ്രറി ഒരുക്കുകയും ചെയ്യുന്നു. | | ടീച്ചര്, SRG, ക്ലാസ് ടീച്ചര്, രക്ഷിതാക്കൾ | |
| **പ്രവർത്തനം 3 - ഗണിതശേഷി വികസനം** | | | | |
| ഗണിത പഠന പ്രവർത്തനങ്ങള് ലളിതമാക്കല് | ഗണിതമൂലയിൽ കൂടുതൽ പഠന സാമഗ്രികൾ ലഭ്യമാക്കുന്നു, ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങള് | 1 വർഷക്കാലം | ക്ലാസ് ടീച്ചര്, SRG, ഗണിത ക്ലബ്ബ് | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക് ഷീറ്റുകള് ഉപയോഗിച്ച് കുട്ടികളില് അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു, ക്ലാസ്സിലെ കണക്കിലെ മിടുക്കരായ കുട്ടികളെ ഉപയോഗിച്ച് അടിസ്ഥാന ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ - ഒക്ടോബർ | ക്ലാസ് ടീച്ചര്, SRG | |
| ഗണിതത്തോട് ആഭിമുഖ്യം വളർത്തല് | ഗണിത അസംബ്ലി സംഘടിപ്പിക്കുന്നു. | മാസത്തിൽ 1 | 3, 4 ക്ലാസ്സ് കുട്ടികൾ | |
| **പ്രവർത്തനം 4 - ഇംഗ്ലീഷ് ഭാഷാപഠനം** | | | | |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസനം | ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ, ആഴ്ചയിൽ 1 ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസ്സിനും ചുമതല | ആഴ്ചയില് 1 ദിവസം 1 വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് പ്രവർത്തനങ്ങള് സർഗ്ഗ വേളയില് അവതരിപ്പിക്കൽ | ആഴ്ചയിൽ 1 ദിവസം 1 വർഷത്തേക്ക് | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രവര്‍ത്തനം 5 - സര്‍ഗ്ഗവേളകള് | | | | |
| കുട്ടികളിലെ സര്‍ഗ്ഗാത്മക ശേഷി വികസിപ്പിക്കല്‍ | പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന മികച്ച പ്രകടനങ്ങള്‍ കാഴ്ച വെയ്ക്കുന്നു | ആഴ്ചയില്‍ 1 | ക്ലാസ്സ് ടീച്ചര്‍, SRG | |
| പ്രവര്‍ത്തനം 6 - ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള് | | | | |
| ലഹരിക്ക് എതിരായ പ്രവര്‍ത്തനങ്ങള് | ആദ്യ പിറ്റിഎ മീറ്റിംഗില്‍ എക്സൈസ് പ്രതിനിധിയെ ഉള്‍പ്പെടുത്തുക, രക്ഷിതാക്കള്‍ക്ക് ബോധവത്കരണ ക്ലാസ്സ് | ജൂണ്‍ | SRG | |
| ഓരോ കുട്ടിയുടേയും കേള്‍വിക്കാരാകുക | ഓരോ കുട്ടിയുടേയും കുടുംബ പശ്ചാത്തലം മനസ്സിലാക്കുക | 1 വര്‍ഷം | ക്ലാസ്സ് ടീച്ചര്‍ | |
| പ്രവര്‍ത്തനം 7 - ദിനാചരണങ്ങള്‍ ശക്തിപ്പെടുത്തല് | | | | |
| വിവിധ ശേഷികളുടെ വികസനം | ജുണ്‍ മുതല് മാര്‍ച്ച് വരെ പ്രധാന ദിനാചരണങ്ങള്‍ പഠന പ്രവര്‍ത്തനമായി സംഘടിപ്പിക്കല്‍ | ജുണ്‍ മുതല് മാര്‍ച്ച് വരെ | SRG | |
| പ്രവര്‍ത്തനം 8 - പഠന യാത്ര | | | | |
| പഠന യാത്ര സംഘടിപ്പിക്കല്‍ | സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങള്‍, ചരിത്ര സ്മാരകങ്ങള്‍ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകള്‍ | വര്‍ഷത്തില് 1 തവണ | ടൂര്‍ കണ്‍വീനര്‍ | പി.റ്റി.എ |
| പ്രവര്‍ത്തനം 9 - സ്കോളര്‍ഷിപ് പരീക്ഷ പരിശീലനം | | | | |
| പരമാവധി കുട്ടികളെ മത്സര പരീക്ഷയ്ക്ക് തയ്യാറാക്കല്‍ | പരമാവധി കുട്ടികളെ മത്സര പരീക്ഷകള്‍ക്ക് ചിട്ടയായ പരിശീലനത്തിലൂടെ തയ്യാറാക്കല്‍ | ജൂണ്‍ മുതല് ഫെബ്രുവരി വരെ | 3, 4 ക്ലാസ്സ് ടീച്ചര്‍ | |
| പ്രവര്‍ത്തനം 10 - ക്ലാസ്സ് പി.റ്റി.എ ശക്തിപ്പെടുത്തല്‍ | | | | |
| ക്ലാസ്സ് പി.റ്റി.എ ശക്തിപ്പെടുത്തി മുഴുവന്‍ രക്ഷിതാക്കള്‍ക്കും കുട്ടികളുടെ മികവ്, പോരായ്കള്‍ | ക്ലാസ്സ് പി.റ്റി.എ യോഗം കാര്യക്ഷമമായി നടത്തല്‍, കുട്ടികളുടെ പഠന നേട്ടങ്ങള്‍, പഠന തെളിവുകള്‍, എത്താതെ പോയ | 1 വര്‍ഷത്തില്‍3 മാസത്തിലൊരിക്കല്‍ | SRG, ക്ലാസ്സ് ടീച്ചര്‍ | |

| | | | | |
|---|---|---|---|---|
| എന്നിവ തിരിച്ചറിയുവാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പ് വരുത്തലും | പഠന നേട്ടംഎന്നിവയുടെ അവതരണം | | | |
| **പ്രവർത്തനം 11 - ക്ലബ്ബ് പ്രവർത്തനങ്ങള്** | | | | |
| മാലിന്യങ്ങളെ തരംതിരിക്കൽ | മിനി ഹരിതകർമ്മസേനയുടെ നേതൃത്വത്തില് കുട്ടികൾ മാലിന്യത്തെ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നു. | 1 വർഷക്കാലയളവ് | സീഡ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ഹരിത ക്ലബ്ബ് | |
| പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ | ബോധവത്ക്കരണ ക്ലാസ്സുകൾ, തുണി സഞ്ചി നിർമ്മാണം, വിതരണം | 1 വർഷക്കാലയളവ് | സീഡ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ഹരിത ക്ലബ്ബ് | |
| ജന്മദിനത്തിൽ പച്ചക്കറി കിറ്റ് | മിഠായി കവറുകൾ ഒഴിവാക്കുന്നതിനായി പിറന്നാൾ ദിനത്തില് പച്ചക്കറി കിറ്റുമായി എത്തുന്നു | 1 വർഷക്കാലയളവ് | സീഡ് ക്ലബ്ബ് | |
| **പ്രവർത്തനം 12 - കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകള് നേരിട്ട് അറിയൽ | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ്സ് മുറിയിലേക്ക് എത്തിക്കുന്നു. | വർഷത്തില് 1 | SRG, ക്ലാസ് ടീച്ചര്, രക്ഷിതാക്കൾ | |
| പ്രദർശനം | കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തില് 1 | SRG, ക്ലാസ് ടീച്ചര്, രക്ഷിതാക്കൾ | |

# ഉപസംഹാരം

സ്കൂളിൻറെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വളരെ സൂക്ഷ്മമായ വിശകലനത്തിലൂടെ കൃത്യമായി തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ. ഈ പ്ലാനിലൂടെ കുട്ടികൾക്കും സ്കൂളിനും മികച്ച മുന്നേറ്റത്തിന് സാധ്യമാണ്. ഇത് പ്രാവർത്തികമാക്കാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും, ജനപ്രതിനിധികളുടെയും, തദ്ദേശസ്വരണ സ്ഥാപനങ്ങളുടെയും, ഗവൺമെന്റിന്റെയും സഹായത്തോടെ സാധ്യമാക്കാവുതാണ്. 2025-26 അദ്ധ്യയന വർഷത്തെ സ്കൂൾ മാസ്റ്റർ പ്ലാൻ പൂർണമായും പ്രാവർത്തികമാക്കാനാവുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.